**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1046.** **05.02.2020 ൽ മറുപടിയ്ക്ക്**

**വിദ്യാലയങ്ങളിലെ ലഹരി മരുന്ന് ഉപയോഗം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ.പി.** | **ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള ലഹരി മരുന്ന് മാഫിയയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനായി ജനപ്രതിനിധികളെയും എക്സൈസ് ഉദ്യോഗസ്ഥരെയും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും സ്കൂൾ, പഞ്ചായത്ത്, മണ്ഡലം അടിസ്ഥാനത്തിൽ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കുമോ; വ്യക്തമാക്കുമോ? | സാധിക്കും. ജനപ്രതിനിധികൾ, എക്സൈസ് ഉദ്യോഗസ്ഥർ, മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന നിയോജക മണ്ഡല തല കമ്മിറ്റികൾ നിലവിൽ എല്ലാ ജില്ലയിലും എല്ലാ മാസവും എക്സൈസ് സർക്കിൾ ഓഫീസ് തലത്തിൽ കൂടുന്നുണ്ട്. പ്രസ്തുത കമ്മിറ്റികൾ പഞ്ചായത്ത് തലത്തിൽ എക്സൈസ് റെയിഞ്ച് അടിസ്ഥാനത്തിലാണ് സംഘടിപ്പിക്കാറുള്ളത്. സ്കൂൾ പരിസരങ്ങളിലെ ലഹരി ഉപയോഗം സംബന്ധിച്ച് ലഭ്യമാകുന്ന പരാതികൾ പരിശോധിക്കുന്നതിനും ആയത് തടയുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് അധികൃതരുടെ ശ്രദ്ധയിൽ കാര്യങ്ങൾ എത്തിക്കുന്നതിനും വേണ്ടി അതാത് മേഖലയിലെ സ്കൂൾ പി.റ്റി.എ. അംഗം, വാർഡ് മെമ്പർ, സ്കൂൾ ഉൾപ്പെടുന്ന റെയിഞ്ച് ഓഫീസിലെ ബന്ധപ്പെട്ട യൂണിറ്റിലെ ഉദ്യോഗസ്ഥർ, ടി മേഖലയിലെ വിമുക്തി സേനയിൽ നിന്നുള്ള സന്നദ്ധ പ്രവർത്തകർ എന്നിവരടങ്ങുന്ന ഒരു കമ്മറ്റി പ്രത്യേകമായി രൂപീകരിക്കുന്നതാണ്. ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത കമ്മിറ്റി അംഗങ്ങൾ മുഖാന്തിരം പഞ്ചായത്ത് തലത്തിലും, മണ്ഡല തലത്തിലും നിലവിൽ നടന്നു വരുന്ന കമ്മറ്റി മുമ്പാകെ വിവരങ്ങൾ ശ്രദ്ധയിൽപ്പെടുത്തി ആയതിന്മേൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ഇക്കാര്യത്തിൽ പരിഹാരം കാണുന്നതുമാണ്. |

സെക്ഷൻ ഓഫീസർ